(ബി) ഉണ്ടെങ്കിൽ ഏതൊക്കെല്ലാം സ്ക്വാഡുകൾ ;

(സി) ഈ നടപടി എന്നത്തേക്ക് പൂർത്തിയാകും ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) ചില സ്ക്വാഡുകൾ പിരിച്ചുവിടുവാൻ ഉദ്ദേശമുണ്ട്.

(ബി) അവയുടെ † ലിസ്റ്റ് മേശപ്പുറത്തു വെച്ചിട്ടുണ്ട്.

(സി) സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ കണ്ടക്ടർമാരും ഡ്രൈവറന്മാരും

* 441. [39] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ എത്ര തൊഴിലാളികളെ ഡെയിലി ശമ്പളത്തിൽ എടുത്തിട്ടുണ്ട് ;

(ബി) കണ്ടക്ടർ എത്ര ; ഡ്രൈവറന്മാർ എത്ര ;

(സി) രണ്ടും മൂന്നും കൊല്ലമായിട്ടും ഇവരെ എന്തുകൊണ്ട് സ്ഥിരപ്പെടുത്തുന്നില്ല ;

(ഡി) ഡെയിലി ശമ്പളത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ആഴ്ചയിൽ രണ്ടും മൂന്നും ദിവസംമാത്രമെ ജോലി ലഭിക്കുന്നുള്ള എന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ കെ. റാവി. അച്യുതൻ) :

(എ) 603 തൊഴിലാളികളെ എടുത്തിട്ടുണ്ട്.

(ബി) കണ്ടക്ടർ — 532
ഡ്രൈവർ — 71

(സി) സ്ഥിരം തസ്തികകളിൽ ഒഴിവില്ലാത്തതുകൊണ്ട് സ്ഥിരപ്പെടുത്തിയിട്ടില്ല.

(ഡി) മാസം തോറും ശരാശരി 20–25 ദിവസം ജോലി ലഭിക്കുന്നുണ്ട്.

സ്റ്റോറു കോട്ടായിൽ ലഭിക്കുന്ന കാറുകൾ

* 442. [42] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1960 ജനുവരി മുതൽ 1964 ജനുവരി വരെയുള്ള കാലഘട്ടത്തിൽ സ്റ്റോറു കോട്ടായിൽ എത്ര കാർ ലഭിക്കുകയുണ്ടായി ;

(ബി) പ്രസ്തുത കാറുകൾ ആർക്കെല്ലാമാണ് കൊടുത്തത് ;

(സി) സ്റ്റോറു കോട്ടായിൽ ലഭിക്കുന്ന കാറുകൾ കൊടുക്കുന്നതിനു എന്തു മാനദണ്ഡമാണ് ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളത് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 1960 ജനുവരി മുതൽ 1964 ജനുവരി വരെയുള്ള കാലഘട്ടത്തിൽ സ്റ്റോറു കോട്ടായിൽ നിന്നും വിവിധ ഇനങ്ങളിലായി 199 കാറുകൾ ലഭിച്ചിട്ടുണ്ട്.

† Appendix V.

LIBRARY ARCHIVES Kerala Legislative Assembly

(ബി) * ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) കൃത്യ നിർവ്വഹണത്തിനു കാർ സഹായകരമായിരിക്കുമെന്നു ഗവണ്മെൻറിനു ബോദ്ധ്യമായാൽ ഗവണ്മെൻറുദ്യോഗസ്ഥന്മാർക്കും മറ്റു പൊതു ആവശ്യങ്ങൾക്കും സ്റ്റോറു കോട്ടായിൽനിന്നും കാർ അലോട്ടു ചെയ്യുന്നുണ്ട്.

9 a. m.] **Mr. Speaker :** Order, order. Question hour is over.

ADJOURNMENT MOTION

Serious Situation at Churuli–Keerithode.

Mr. Speaker : I have received a notice under Rule 49 from Shri C. Achutha Menon for adjournment of the business of the Assembly for the purpose of discussing a matter of very urgent public importance viz., the serious situation reported to be prevailing in the Churuli–Keerithode areas as a result of the lathi charge etc. that took place there on the 26th February 1964. I have also received similar notices from Sarvashri T. K. Ramakrishnan and M. M. Sundaram. I call upon the Chief Minister to place the facts before the House.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : സർ, അനധികൃതമായി വനപ്രദേശങ്ങളിൽ പ്രവേശിക്കപ്പെട്ടവരെ അവിടെനിന്നും ഇറക്കിവിടുന്നതിനും, ഗവണ്മെൻറു നേരത്തേ സ്വീകരിച്ചിട്ടുള്ള പ്രകാരത്തിലുള്ള റീഹാബിലിറ്റേഷൻ ഏർപ്പാടു ചെയ്യുന്നതിനുമുള്ള തീരുമാനം കുറേ നേരത്തേതന്നെ ഈ ഗവണ്മെൻറു് എടുത്തിരിക്കുകയാണു്. അങ്ങനെ ചുരുളിയിലും കീരിത്തോടു പ്രദേശങ്ങളിൽനിന്നും ആളുകളെ ഇറക്കുന്നതിനു ആവശ്യമായ നടപടികളും ഗവണ്മെൻറു് എടുത്തുവരികയാണു്. ഇന്നലെ അവിടെകുറച്ചു അസാധാരണമായ സംഭവങ്ങൾ ഉണ്ടായി. ഇന്നലെ കാലത്തു ഒൻപതു മണിക്കു കീരിത്തോടു എന്ന സ്ഥലത്തു് അവിടെ പോലീസിൻറെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയ ഷെഡ്ഡുകളുടെ പണി തടസ്സപ്പെടുത്തുന്നതിനു ഒരു യത്നം നടന്നു. അതിനു നേതൃത്വം നൽകിയതു മിസ്റ്റർ മാഞ്ഞൂരാൻ ആയിരുന്നു. മിസ്റ്റർ മാഞ്ഞൂരാനും അവിടുള്ള കുറെ ആളുകളും അവിടെ നിന്നിരുന്നു. അവരോടു അവിടെ നിന്നും ഒഴിഞ്ഞു പോകണമെന്നു ആവശ്യപ്പെട്ടപ്പോൾ അതു കേൾക്കാതെ വീണ്ടുംവന്നു തടസ്സം ചെയ്തു. അപ്പോൾ മിസ്റ്റർ മാഞ്ഞൂരാനേയും കുറേ ആളുകളേയും പോലീസ് അറസ്റ്റുചെയ്തു. എവിക്ഷൻ സംബന്ധിച്ചു് പ്രത്യേകം നിയോഗിക്കപ്പെട്ടിരിക്കുന്ന ഫസ്റ്റു ക്ലാസ് മജിസ്ട്രേട്ടിൻറെ അധികാരത്തോടുകൂടിയ ഡെപ്യൂട്ടി കളക്ടർ സ്ഥലത്തുണ്ടായിരുന്നു. അറസ്റ്റു ചെയ്തിട്ടുള്ളവരെ അവിടെനിന്നും മാറിക്കഴിഞ്ഞതിനുശേഷം പോലീസ് ആ സ്ഥാനത്തുനിന്നും മാറി. കുറച്ചുകൂടി പോലീസ് അവിടെ വന്നുചേരാൻ ഉണ്ടായിരുന്നു, അവരെ കാത്തിരുന്നു. ഇന്നലെ രാവിലെ ഈ സംഭവം ഉണ്ടായതിനുശേഷം പറയത്തക്ക വലിയ സംഭവമൊന്നുമില്ലാതെ ഏതാണ്ടു നേരം വൈകി. ഉച്ചതിരിഞ്ഞതിനുശേഷം അവർക്കു അറിവുകിട്ടി എസ്.പി. യും കളക്ടറും ഈ സ്ഥലത്തേക്കു പുറപ്പെട്ടുകഴിഞ്ഞു, വഴിക്കു തടസ്സം ഉള്ളതുകൊണ്ടു് വളരെ വേഗത്തിൽ അവർക്കു നീങ്ങാൻ കഴിയുന്നില്ല എന്നു്. വലിയ വലിയ പാറകൾ റോഡിൻറെ നടുവിൽ ഉരുട്ടിക്കൊണ്ടു വയ്ക്കുക, വലിയ വലിയ തടിക്കഷണങ്ങൾ വെട്ടി റോഡിനകുറുകെ വയ്ക്കുക, കല്ലുകൾ മാറ്റുക ഇങ്ങനെയെല്ലാം ചെയ്തിരുന്നു, അതുകൊണ്ടു് വിചാരിച്ച വേഗത്തിൽ കളക്ടർക്കും എസ്. പി-ക്കും സ്ഥലത്തു എത്താൻ കഴിഞ്ഞില്ല. ഒബ്സ്ട്രക്ഷൻസ് ഉണ്ടായിരുന്നതു് പനംകുട്ടി എന്ന സ്ഥലത്താണു്. അവിടെ 'ഹോസ്റ്റയിൽ ക്രൌഡ്' എന്നതന്നെ പറയാം, വളരെയധികം ആളുകൾ കൂടിയിരുന്നു. നാലുമണിയായപ്പോൾ ഐ. എസ്. പി. യിലെ ഒരു വിഭാഗം കൂടി അവിടെ എത്തി. അതിനുശേഷം കളക്ടറും എസ്. പിയും കൂടി കീരിത്തോട്ടിലേയ്ക്കു നീങ്ങി. പോകുന്നതിനു വളരെ പ്രയാസമായിരു

* Placed in the library.

LIBRARY ARCHIVES Kerala Legislative Assembly